0048677

K19U 3238

Reg. No. : ................................

Name : ....................................

# I Semester B.A./B.Sc. Degree (CBCSS - Supplementary/Improvement) Examination, November - 2019
## (2016-2018 Admissions)
## COMMON COURSE IN MALAYALAM
## 1A07 MAL : SAHITHYA GANANGAL

സമയം : 3 മണിക്കൂർ മാർക്ക് : 40

I. 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. (2×7=14)

1. വള്ളത്തോളിന്റെ ജീവിതവീക്ഷണം 'കൊച്ചുസീത'യെ ആസ്പദമാക്കി വിവരിക്കുക.
2. സമൂഹവൈറസ് എന്ന കവിതയിലെ ഹാസ്യത്തിന്റെ സ്വഭാവം വിലയിരുത്തുക.
3. വികസനത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച സുഗതകുമാരിയുടെ കാഴ്ചപ്പാടുകളെപ്പറ്റി ഉപന്യസിക്കുക.
4. 'ഇതര ചരാചരങ്ങളുടെ ചരിത്രപുസ്തകം' എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

II. 150 വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. (4×3=12)

5. "അത്തരം സന്ദർഭങ്ങളിലൊക്കെ അയാൾ അമ്മയെയും ഓർത്തു" ആര്?
6. "ഒടുവിൽ ആ യന്ത്രവും കേടുവന്നു" സൂചിതമെന്ത് ? വ്യക്തമാക്കുക.
7. 'കൊച്ചുസീത' യിലെ ഇതിവൃത്തം വള്ളത്തോളിന്റെ ഇതര കാവ്യങ്ങളിൽനിന്ന് ഏതെല്ലാം തലങ്ങളിൽ വേറിട്ടു നിൽക്കുന്നു? വിവരിക്കുക.
8. പൊതിച്ചോറ് എന്ന കഥയിലെ സാമൂഹിക പ്രശ്നത്തെക്കുറിച്ച് വിവരിക്കുക.

P.T.O.

9. ''അങ്ങനെയാണ് നമുക്കൊരു പുതിയ ലക്ഷ്യവും മാർഗ്ഗവും ഉണ്ടായത് '' സുഗതകുമാരി വ്യക്തമാക്കുന്നതെന്ത് ?

10. മക്കൾ എങ്ങനെയെല്ലാമാണ് ഭൂമിയാകുന്ന അമ്മയെ ദ്രോഹിച്ചത്? വിശദീകരിക്കുക.

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. **(4×2=8)**

11. ശ്രീനാരായണഗുരുവിന്റെ ഇന്ദ്രജാലം വിജയിച്ചതെന്തുകൊണ്ട് ? കെ. പി. അപ്പൻ വിശദീകരിക്കുന്നതെന്ത് ?

12. ''അയാളുടെ മുൻപേ, അയാൾക്ക് വഴി കാണിച്ചുകൊണ്ട് കത്തുന്ന ഒരു ചക്രം പതുക്കെ നീങ്ങുന്നുണ്ടായിരുന്നു. '' ഈ വാക്യത്തിന് കഥയിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

13. 'വിന്ധ്യഹിമാലയങ്ങൾക്കിടയിൽ' എന്ന ലേഖനത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

14. ''എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ

    എന്റെയല്ലീ മഹാ ക്ഷേത്രവും മക്കളേ'' വക്താവിന്റെ മനോഭാവം വ്യക്തമാക്കുക.

15. 'സ്വാതന്ത്ര്യദിനത്തിൽ' എന്ന കവിതയുടെ ആശയം ചുരുക്കി എഴുതുക.

16. ''തെല്ലു ചരിഞ്ഞു വളഞ്ഞുകിടക്കുന്നു

    മല്ലീശ്വരന്റെയൊടിഞ്ഞവിൽ മാതിരി '' സൂചിതമെന്ത് ? വ്യക്തമാക്കുക.

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക. **(6×1=6)**

17. 'അന്തരീക്ഷം' ആരുടെ കൃതിയാണ് ?

18. 'ആവനാഴി' എന്ന പുസ്തകം എഴുതിയതാര് ?

19. 'ഉപ്പ്' എന്ന കവിത എഴുതിയതാര് ?

20. ''വൈകുന്നേരത്തെ സൂര്യന്റെ ക്ഷീണിച്ച രശ്മികൾ കനാലിലെ ഒഴുക്കു കുറഞ്ഞ വെള്ളത്തിൽ വീണുകിടന്നു'' ഏത് കഥയിലെ വാക്യം?

21. 'മോതിരം' എന്ന കഥാസമാഹാരത്തിന് കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചതാർക്ക് ?

22. 'സ്വാതന്ത്ര്യദിനത്തിൽ' എന്ന കവിത ഏത് പുസ്തകത്തിലുള്ളതാണ് ?

23. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം ' എഴുതിയതാര് ?

24. 'കലഹവും വിശ്വാസവും' ഏത് സാഹിത്യരൂപത്തിൽ ഉൾപ്പെടുന്ന കൃതിയാണ്?

---